**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2071** **09-02-2023 - ൽ മറുപടിയ്ക്ക്**

**ബഡ്സ് ആക്ട് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബഡ്സ് റൂൾസ് നിലവിൽ വന്നത് എന്നാണ്; ബഡ്സ് നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് ചുമതലപ്പെട്ട സംസ്ഥാനതല ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ; | (എ) | 25.11.2021 തീയതിയിലെ സ.ഉ.(പി)നം.76/2021/ ആഭ്യന്തരം (എസ്.ആർ.ഒ.നം.871/2021) വിജ്ഞാപനപ്രകാരമാണ് കേരള ബാനിംഗ് ഓഫ് അൺറഗുലേറ്റഡ് ഡെപ്പോസിറ്റ് സ്കീംസ് റൂൾസ്, 2021 നിലവിൽ വന്നത്. ബഡ്സ് ആക്ട്, 2019 വകുപ്പ് 7(1) ൽ നിഷ്കർഷിച്ച പ്രകാരം കോംപീറ്റന്റ് അതോറിറ്റിയായി ശ്രീ സഞ്ജയ് കൗൾ ഐ.എ.എസ് നെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നാളിതുവരെ നിക്ഷേപ തട്ടിപ്പുകളുമായി ബന്ധപെട്ട് ബഡ്സ് ആക്ട് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | പൊലീസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24 സ്ഥാപനങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ബഡ്സ് ആക്ട്, 2019 വകുപ്പ് 7(3) പ്രകാരം താത്കാലികമായി കണ്ടുകെട്ടുന്നതിന് കോംപീറ്റന്റ് അതോറിറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർനടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു. പോപ്പുലർ ഫിനാൻസ്, യൂണിവേഴ്സൽ ട്രേഡിംഗ് സൊല്യൂഷൻസ്, ആർ വൺ ഇൻഫോ ട്രേഡ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം സിബിഐയ്ക്ക് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.പോപ്പുലർ ഫിനാൻസ് നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണം സിബിഐയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. നിക്ഷേപ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന പരാതികളിൽ പൊലീസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഡ്സ് ആക്ട് പ്രകാരം വസ്തുവകകൾ കണ്ടുകെട്ടുന്നതിനും ബന്ധപ്പെട്ട ഡെസിഗ്നേറ്റഡ് കോടതികളിൽ കേസ് ഫയൽ ചെയ്യുന്നതിനും എല്ലാ ജില്ല കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ